(ഇ) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുകളിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലേക്കായി തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിലേക്കും കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വങ്ങളിലേക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണം സർക്കാരിൽ ലഭ്യമല്ല.

സർക്കാർ ജീവനക്കാർക്ക് മത സംഘടനകളിലും മറ്റുമുള്ള അംഗത്വം

66 (2885) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് മത സംഘടനകളിലും കമ്മിറ്റികളിലും അംഗമാകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വ്യക്തി സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന ഇത്തരം നീക്കങ്ങളിൽ നിന്ന് പിന്തിരിയുവാനും സംഘടനകളുടെ പുരോഗതി ലക്ഷ്യമിട്ട് സർക്കാർ ജീവനക്കാർക്ക് അതിൽ അംഗമായി പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 7-8-2014-ലെ G.O (P) 27/2014/P&ARD പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർ ജാതി/മത സംഘടനകളുടെ ഭാരവാഹികളാകുന്നതിൽ നിന്നും വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാർ ജാതി/മത സംഘടനകളിൽ അംഗമാകുന്നതിനെ വിലക്കിയിട്ടില്ല. പ്രസ്തുത സംഘടനകളുടെ ഭാരവാഹിത്വം വഹിക്കുന്നതിന് മാത്രമാണ് വിലക്കുള്ളത്.

ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ പ്രൊമോഷൻ

67 (2886) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റ് വരെയുള്ള ക്ലാസ് 3, 4 ജീവനക്കാരുടെ പ്രൊമോഷൻ യഥാസമയം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly